# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5747

29.07.2015-ൽ മറുപടിയ്ക്ക്

## ശുഭയാത്ര 2015

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) ശുഭയാത്ര 2015 നടപ്പിലാക്കിയതിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (എ) കേരള സർക്കാരും കേരള പോലീസും ചേർന്ന് തുടക്കം കുറിച്ചിട്ടുള്ള 'ശുഭയാത്ര 2015' എന്ന പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ട്രാഫിക് അപകടങ്ങൾ 25% കുറയ്ക്കുക, ഗുരുതര അപകടങ്ങൾ 20% കുറയ്ക്കുക, വിദ്യാർത്ഥികൾ, ബസ് ഡ്രൈവർമാർ, ഓട്ടോറിക്ഷാ ഡ്രൈവർമാർ, ഇരുചക്ര വാഹന യാത്രക്കാർ തുടങ്ങിയവർക്കായി ട്രാഫിക് ബോധവൽകരണം നടത്തുക, കാൽനട യാത്രക്കാർക്ക് സുരക്ഷിത യാത്ര സാധ്യമാക്കുക, ട്രാഫിക് നിയമം കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക എന്നിവയാണ്. ഇതിലൂടെ കേരളത്തിലെ റോഡുകളെ സമൂഹത്തിലുള്ള എല്ലാ വിഭാഗങ്ങൾക്കും സുരക്ഷിതമായി ഉപയോഗിക്കുവാൻ ഈ പദ്ധതിയിലൂടെ സാദ്ധ്യമാകുമെന്ന് വിലയിരുത്തിയിട്ടുണ്ട്.<br>ശുഭയാത്ര 2015 പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾ ജൂൺ 2015 മുതലാണ് ആരംഭിച്ചിട്ടുള്ളത്. ആയതിനാൽ വർഷാവസാനം മാത്രമേ ഇതിന്റെ ലക്ഷ്യപ്രാപ്തിയെ കുറിച്ച് വിലയിരുത്താൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ